കണ്ണൂർ ജില്ലയിലെ മാതൃകാ സ്ഥാപനങ്ങൾ

20 [3393] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിലെ എത്ര ഓഫീസുകൾ മാതൃകാസ്ഥാപനങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) ഇത്തരം സ്ഥാപനങ്ങളുടെ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് മെച്ചപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ എപ്രകാരം മെച്ചപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു എന്നു വ്യക്തമാക്കാമോ;

(ഡി) മാതൃകാ സ്ഥാപനങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള ആരോഗ്യ വകുപ്പിന്റെ കീഴിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ആശുപത്രികളിലും എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് മെച്ചപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഭരണ നവീകരണ പരിപാടിയുടെ ഭാഗമായ സേവന പ്രദാന പദ്ധതി നടപ്പിലാക്കുന്നതിനായി കണ്ണൂർ ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

	സ്ഥാപനം		എണ്ണം
1.	ജില്ലാ കളക്ടറേറ്റ്		
2.	താലൂക്ക് ആശുപത്രികൾ	..	01
3.	പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ	..	07
4.	കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ	..	01
5.	താലൂക്ക് ഓഫീസുകൾ	..	03
6.	വില്ലേജ് ഓഫീസുകൾ	..	36
7.	സബ്ബ് രജിസ്ട്രാർ ഓഫീസുകൾ	..	05
8.	സർക്കാർ വി. എച്ച്. എസ്സ്. സ്കൂൾ	..	02
9.	സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ	..	04

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനം		എണ്ണം
10. സർക്കാർ ഹൈസ്കൂളുകൾ	..	04
11. സർക്കാർ യു. പി. എസ്സ്.	..	04
12 സർക്കാർ എൽ. പി. എസ്സ്.	..	16
13. ഗ്രാമ പഞ്ചായത്തുകൾ	..	08
14. മുനിസിപ്പാലിറ്റികൾ	..	02
15. താലൂക്ക്/സിറ്റി റേഷനിംഗ് ഓഫീസുകൾ	..	03
16. പോലീസ് സ്റ്റേഷനുകൾ	..	03
17. വൃദ്ധ സദനങ്ങൾ	..	01
18. സാമൂഹ്യ ക്ഷേമ വകുപ്പിൻ കീഴിലെ മറ്റ് ക്ഷേമ സ്ഥാപനങ്ങൾ	..	03
19. അംഗൻവാടികൾ	..	92

സേവന പ്രദാന പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ പട്ടിക ഉൾക്കൊള്ളുന്ന സർക്കാർ ഉത്തരവ് (എം. എസ്.) നം. 98/04/പൊ.ഭ.വ. തീയതി 14-5-2004-ന്റെ അച്ചടിച്ച പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(ബി, സി & ഡി) സേവന പ്രദാന പദ്ധതി നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടെ ജില്ലാ തല സമിതികളും തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ സ്ഥാപന തല സമിതികളും രൂപീകരിക്കുന്നതാണ്. ഈ സമിതികൾക്ക് ഓരോ സ്ഥാപനത്തിന്റെയും ആവശ്യങ്ങൾ വിശദമായി പഠിച്ച് ശുപാർശകൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് സമർപ്പിക്കാവുന്നതാണ്. പാവപ്പെട്ടവർക്ക് സർക്കാരിൽ നിന്നും ലഭ്യമാക്കുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായിരിക്കും ഈ പദ്ധതിയിൽ മുൻഗണന നൽകുന്നത്.

നിശാക്ലബ്ബുകൾ നിരോധിക്കാൻ നടപടി

21 [3394] ശ്രീ. കെ. നാരായണക്കുറുപ്പ്:

,, റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല സ്ഥലങ്ങളിലും നിശാക്ലബ്ബുകൾ സ്ഥാപിക്കാനുള്ള ചില സ്ഥാപനങ്ങളുടെ നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly